**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 389** **09-08-2021 - ൽ മറുപടിയ്ക്ക്**

**കരിയർ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീമതി ശാന്തകുമാരി കെ. | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആഗോളവൽകൃത തൊഴിൽ വിപണിയുടെ ആവശ്യകത മനസ്സിലാക്കി ഉചിതമായ നൈപുണ്യശേഷി വികസന പരിപാടിയിലൂടെ തൊഴിലന്വേഷകരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് കരിയർ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ആഗോളവൽകൃത തൊഴിൽ വിപണിയുടെ ആവശ്യകത മനസ്സിലാക്കി ഉചിതമായ നൈപുണ്യശേഷി വികസന പരിപാടിയിലൂടെ തൊഴിൽ അന്വേഷകരുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് കരിയർ നയം കൊണ്ടുവരുന്നതിന്റെ ഭാഗമായി 09/12/2019ൽ സർക്കാർ തലത്തിൽ ശില്പശാല സംഘടിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട കരട് കരിയർ നയം അന്തിമമായി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (ബി) | ഗ്രാമവാസികളായ തൊഴിലന്വേഷകർക്ക് ഏറെ പ്രയോജനപ്രദമായ കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഗ്രാമവാസികളായ തൊഴിലന്വേഷകർക്ക് ഏറെ പ്രയോജനപ്രദമായ കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചു കൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതിയായ കരിയർ ഡെവലപ്മെന്റ് സെന്റർ നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ പാലോട്, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൊല്ലം ജില്ലയിലെ കൊട്ടാരക്കര, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇവിടങ്ങളിൽ പൂർണ്ണമായ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം എത്രമാത്രം ഫലപ്രദമാകുന്നുണ്ടെന്ന് അറിയിക്കാമോ? | (സി) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പത്ത് എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്പ് എന്നിവ വിവിധ അസ്സസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭിക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കികൊടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ